# Kalyan Lantern

MAHBIL/2015/63218 | MNE/353/2018-20 | MR/Tech/WPP-323/NE/2018

OCTOBER 2019

Vol. 05 | Issue 06 | MUMBAI | 36 Pages | Price: `10/-



# BIBLE CONVENTION 2019

## ANTOPHILL FORANE

**2019 നവംബർ 11, 12, 13 & 14**

**(തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം)**

നയിക്കുന്നത്: **Fr. Daniel Poovannathil**
(Mount Carmel Retreat Centre, Trivandrum)

സ്ഥലം: Assisi Nagar Ground, Near St. Francis of Assisi International School, P.L. Lokhande Marg, Chembur (W), Mumbai-400 043.

For any Query
Fr. Jefrin (9821013194)
Mr. Sebastian (9702821032)

**11/11/2019 to 14/11/2019 (Monday to Thursday)**
5.30 p.m. **Rosary** 6.00 p.m. **Mass**
7.00 p.m. to 10.00 p.m. **Preaching & Adoration**

*Perpetual Adoration (11th Nov., to 14th Nov. 2019)*
*Time: 10.00 am to 4.00 pm*
*Venue: Infant Jesus Church, Tilak Nagar*

**Fr. Biju Chittilappilly**
*Forane Vicar*

**Mr. George Joseph**
*Forane Secretary*



KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO
MY FEET AND A LIGHT TO MY PATH

OCTOBER 2019

Vol. 05 | Issue 06

PATRON
Bishop Mar Thomas Elavanal

CHAIRMAN
Msgr. Emmanuel Kadankavil

CHIEF EDITOR
Fr. Biju Mannamcheril

ASSOCIATE EDITOR
Fr. Shaiju Augustine Kattayath

EDITORIAL BOARD
Mr. George Chirayath
Mr. A.F. Thomas
Mr. Jimmy Antony
Mr. Antony Cyriac
Ms. Jerin Jacob
Mrs. Elizabeth Dimal

MARKETING MANAGERS
Fr. Sebastian Mudakkalil
Mr. Roy Philip

CIRCULATION MANAGER
Fr. Royas Kalaparambil

CONSULTORS
Dr. Rosily Thomas
Mr. Roy Kottaram
Mr. Babu Mathew
Mr. Joseph John

OFFICE SECRETARY
Mr. Joseph Chiramal

DESIGN & LAYOUT
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20



# കുടുംബവും കഥകളും ബന്ധങ്ങളും

കുടുംബങ്ങൾ കഥകളുടെ സംഗമതീരമാണ്. ഓരോ വ്യക്തികളുടെയും അനുഭവങ്ങളുടെ തീച്ചൂളയിൽ പാകപ്പെടുത്തി എടുക്കുന്ന ജീവിതവീക്ഷണങ്ങളാണ് കഥകളുടെ രൂപത്തിൽ പലപ്പോഴും അവതരിപ്പിക്കപ്പെടുന്നത്. ബാല്യകാലത്ത് കേട്ടു വളരുന്ന മുത്തശ്ശികഥകളും, കൗമാരത്തിൽ കേൾക്കുന്ന സാഹസികകഥകളും, യൗവ്വനത്തിലെ സാങ്കൽപ്പിക കഥകളുമെല്ലാം ഒരു വ്യക്തിയുടെ ജീവിതവീക്ഷണത്തെ പടത്തുയർത്താൻ അത്യന്താപേക്ഷിതമാണ്.

കുടുംബത്തിലെ പങ്കുവയ്ക്കലുകൾ പരസ്പരസ്നേഹത്തിലേക്കും ആഴമേറിയ ബന്ധങ്ങളിലേക്കും നയിക്കുന്ന വൈകാരികചലനങ്ങൾ വ്യക്തികളുടെ ഉള്ളിൽ സൃഷ്ടിക്കാറുണ്ട്. അനുഭവങ്ങളുടെ അകമ്പടിയോടെ അവതരിപ്പിക്കുന്ന ആശയങ്ങൾ കേൾക്കാൻ എല്ലാവർക്കും ഇഷ്ടമാണ്. കാരണം ആ വാക്കുകൾക്ക് സ്വത്വത്തിന്റെ ജീവനുണ്ട്.

ഇതിഹാസങ്ങൾ അനശ്വരങ്ങളാകുന്നത് അവയിലെ ജീവിതത്തിന്റെ ഗന്ധമുള്ള കഥകൾ മൂലമാണ്. ഈശോ തന്റെ പിതാവിന്റെ സ്നേഹത്തെ അവതരിപ്പിച്ചതും കഥകളിലൂടെയാണ്; “ധൂർത്തപുത്രന്റെ ഉപമ”, “നല്ല സമരിയക്കാരൻ” തുടങ്ങിയവ ദൈവത്തിന്റെ പിതൃഭാവം വിളിച്ചോതുന്ന കഥകളാണ്.

ഈ കഥപറച്ചിലിന്റെ സംസ്കാരം കുടുംബങ്ങളിലേക്ക് തിരിച്ചു കൊണ്ടു വരാൻ ഇന്ന് കഥ പറയുവാനുള്ള ധൈര്യവും കേൾക്കുവാനുള്ള ക്ഷമയും ആവശ്യമാണ്. Whatsapp Storyകൾക്കുപകരം ജീവനുള്ള കഥകൾ നമ്മുടെ കുടുംബത്തിൽ അലയടിക്കട്ടെ.

October മാസം ജപമാല മാസമാണ്. പതിനായിരക്കണക്കിന് ജപമാലകഥകൾ – അനുഭവങ്ങളും, അത്ഭുതങ്ങളും, പാരമ്പര്യങ്ങളും – നിലവിലുണ്ട്. പരിശുദ്ധ അമ്മയെ അറിയാം, പഠിക്കാം, പകർന്നു നൽകാം.’

കുടുംബബന്ധങ്ങളെ പങ്കുവച്ച് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പുതിയ സംസ്കാരം നമുക്ക് പടുത്തുയർത്താം.



# കഥ പറയുമ്പോൾ




**Shiji Johnson**
is an English literature teacher at St John The Baptist's Higher Secondary School, Nedumkunnam, Kerala




സർഗ്ഗാത്മകഭാവനയെ വാക്കുകളിലേക്ക് പടർത്തുന്ന മനോഹരമായ ക്രിയാത്മകതയാണ് കഥ പറച്ചിൽ. നമ്മുടെ ഈ ലോകം സൃഷ്ടിക്കപ്പെട്ടതു തന്നെ കഥകൾ കൊണ്ടാണ്. സമീകൃതാഹാരം പോലെ ഒരു കുഞ്ഞിന്റെ ശരിയായ വ്യക്തിത്വ വികാസത്തിന് നല്ല കഥകൾ കേട്ടു വളരേണ്ടത് അത്യാവശ്യമാണ് എന്ന് പറയുന്നതിൽ തെല്ലും അതിശയോക്തി ഇല്ല. എത്ര മുതിർന്നാലും നമ്മുടെയൊക്കെ ഉള്ളിൽ കഥകൾ കേൾക്കാനും കഥ പറയാനും വെമ്പുന്ന ഒരു ബാല്യമുണ്ടായിരിക്കും. മറവിയുടെ മായികലോകത്തേക്ക് വഴുതി വീഴുന്ന അപ്പൂപ്പന്മാരും, അമ്മൂമ്മമാരും, വർത്തമാനകാല യാഥാർത്ഥ്യങ്ങളെക്കുറിച്ചു ബോധ്യം ഇല്ലാത്തവരായാൽ പോലും കുഞ്ഞുനാളുകളിൽ കേട്ട ചില കഥകളും കവിതകളും അവരുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നതിന്റെ കാരണമിതാണ്.

നല്ല കഥകൾ എപ്പോഴും നമ്മെ അതിശയിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. എത്രയേറെ സാങ്കേതികമികവുള്ള Powerpoint Presentation ഉം Video കൾക്കും സാധിക്കുന്നതിനും അപ്പുറം, കഥകളിലൂടെ ആശയങ്ങൾ ഹൃദയത്തിലാഴത്തിലുറപ്പിക്കാൻ സാധിക്കും. നല്ല

കഥകൾ, അവ വായിക്കുന്നവർക്കും കേൾക്കുന്നവർക്കും മികച്ച സമ്മാനമാകുന്നു. കാരണം സ്വന്തം ജീവിതാവസ്ഥകളെ നേരിടാനാവശ്യമായ ചില ബോധ്യങ്ങളാണവ നൽകുന്നത്.

കുട്ടികൾ സ്വാഭാവികമായും കഥകൾ കേൾക്കാനിഷ്ടപ്പെടുന്നവരാണ്. കേൾക്കുന്ന കഥകളിലൂടെ അവർ വിശാലമായ ഭാവനാകാശങ്ങളിലേക്ക് ചിറകടിച്ചുയരുന്നു.

സാങ്കേതികവിദ്യയുടെ കടന്നുകയറ്റത്തിൽ കഥ

പറച്ചിലും, കഥ കേൾക്കലും, വർത്തമാനകാലത്തിൽ അത്ര സാധാരണമല്ലാത്തതാണെങ്കിലും കഥകളുടെ പ്രസക്തിയും പ്രാധാന്യവും ഒരിക്കലും ഇല്ലാതാവുന്നില്ല. കുട്ടികളോടും മുതിർന്നവരോടും, സഹപ്രവർത്തകരോടും, അയൽക്കാരോടുമൊക്കെ ദിവസേന എത്രയോ കഥകളാണ് അറിഞ്ഞോ അറിയാതെയോ നാം പങ്കുവയ്ക്കുന്നത്.

## ഞാൻ കഥ പറയാനാരംഭിച്ചത്

26 വർഷമായി നീണ്ടു കിടക്കുന്ന അധ്യാപന ജീവിതത്തിന്റെ ഏതൊക്കെയോ വളവുതിരിവുകളിലോ കയറ്റമിറക്കങ്ങളിലോ വച്ചാണെന്നു തോന്നുന്നു ഞാൻ കഥകൾ പറയാനാരംഭിച്ചത്. കൃത്യമായി എന്ന്, എപ്പോൾ എവിടെ വെച്ച് എന്നത് ഓർമയിലില്ല. സംവദിക്കുന്നത് ബാലമനസ്സുകളോടാണല്ലോ. ചാഞ്ചാടുന്ന ആ മനസുകളെ പിടിച്ചെടുക്കേണ്ടതും, ശ്രദ്ധയെ നിലനിർത്തേണ്ടതും ആവശ്യമായി വന്നു. ചെറിയ ക്ലാസ്സുകളിൽ പഠിപ്പിച്ചപ്പോൾ കുസൃതി കാട്ടുന്ന കുരുന്നുകളെ വരുതിയിലാക്കാനും വലിയ ക്ലാസ്സുകളിൽ എത്തിയപ്പോൾ, അവരെ പാഠഭാഗത്തേക്ക് ആകർഷിക്കാനും കഥകൾ ഏറെ സഹായിച്ചിട്ടുണ്ട്. കഥകളോടൊപ്പം, വ്യക്തിജീവിതത്തിലെ അനുഭവങ്ങളും, നുറുങ്ങു സംഭവങ്ങളും പങ്കുവയ്ക്കുന്നതിലൂടെ കുട്ടികളുമായി നല്ല ഒരു മാനസിക ഐക്യം തന്നെ സംജാതമായി.

വിവിധ സംസ്കാരങ്ങളോട് ബന്ധപ്പെട്ട പാഠസന്ദർഭങ്ങളിൽ, എന്റെ ചില യാത്രാനുഭവങ്ങൾ പറഞ്ഞപ്പോഴും മഹാന്മാരുടെ പ്രസംഗങ്ങൾ ചർച്ചക്കെടുത്തപ്പോൾ ഞാൻ കേട്ട ചില പ്രസംഗങ്ങൾ നാടകീയതയോടെ പുനരാവിഷ്കരിച്ചപ്പോഴും ഒക്കെ കുട്ടികളുടെ കണ്ണുകളിൽ വിടരുന്ന ആകാംക്ഷയും

താല്പര്യവും എന്റെയുള്ളിലെ കഥപറച്ചിലുകാരിയെ കുറച്ചൊന്നുമല്ല പ്രോത്സാഹിപ്പിച്ചത്. ആന്റൺചെക്കോവിന്റെ, ഗുസ്ബെറീസ് എന്ന കഥ പഠിപ്പിക്കുന്ന വേളയിൽ എന്റെ വീട്ടുമുറ്റത്തെ നെല്ലിമരവും, സീസണാവുമ്പോൾ മരം നിറയുന്ന കായ്കളും, രാവിലെ മുറ്റത്ത് ഉതിർന്നു വീണുകിടക്കുന്ന കായ്മണികളും ഒക്കെ ചേർന്നുള്ള ടീച്ചറിന്റെ വിവരണങ്ങൾ ഇപ്പോഴും മനസ്സിലുണ്ടെന്ന് നാളുകൾക്കുമുമ്പേ പഠനം കഴിഞ്ഞു കടന്നുപോയ ശിഷ്യർ സാക്ഷ്യപ്പെടുത്തുമ്പോൾ എനിക്കു മനസ്സിലാക്കുന്നു. കഥകളും, സമാനമായ അനുഭവവിവരണങ്ങളും കുട്ടികളിൽ ഹൃദ്യമായ കേൾവിയുടെയും ഭാവനയുടെയും അനുഭവം പകരുന്നുണ്ടെന്ന്. ഒരു നല്ല കഥയുടെയോ അനുഭവവിവരണത്തിന്റെയോ അകമ്പടിയോടെ പാഠസന്ദർഭങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുമ്പോഴും, അവരത് ഹൃദയത്തിൽ ചേർത്തു എന്നു മനസിലാക്കുമ്പോഴും, അധ്യാപിക എന്ന നിലയിൽ ഉള്ളിൽ നിന്നും സംതൃപ്തിയുടെ ഒരായിരം പൂമ്പാറ്റകൾ ചിറകടിച്ചുയരും.

തോണി തന്റെ നിയന്ത്രണത്തിൽ നിന്നും വിട്ടുപോകുമ്പോൾ, തോണിക്കു ചുറ്റും വമ്പൻ സ്രാവുകൾ അണിനിരക്കുമ്പോൾ മെക്സിക്കൻ ഉൾക്കടലിന്റെ വടക്കേയിടത്തിൽ തന്റെ ചാട്ടുളികളാൽ കൂറ്റൻ സ്രാവുകളെ നേരിട്ട ഹെമിംഗ്‌വേ കഥയിലെ സാന്റിയാഗോയെക്കുറിച്ചു പറയുമ്പോൾ കുട്ടികൾ ഉൾക്കൊള്ളുന്നത് അതിജീവനത്തിന്റെയും ഉൾക്കരുത്തിന്റെയും വിലപ്പെട്ട പാഠങ്ങളാണ്.

"സ്രാവുകളെ നിങ്ങൾക്ക് വേണമെങ്കിൽ എന്നെ

**"സ്രാവുകളെ നിങ്ങൾക്ക് വേണമെങ്കിൽ എന്നെ നശിപ്പിക്കാം, തോൽപ്പിക്കാനാവില്ല" എന്ന സാൻറ്റി യാഗോയുടെ വാക്കുകൾ കുട്ടികളുടെ മനസ്സുകളിൽ ആഴത്തിൽ പതിയുക തന്നെ ചെയ്യും എന്നതിൽ സംശയം വേണ്ട.**



നശിപ്പിക്കാം, തോൽപ്പിക്കാനാവില്ല" എന്ന സാൻറ്റിയാഗോയുടെ വാക്കുകൾ കുട്ടികളുടെ മനസ്സുകളിൽ ആഴത്തിൽ പതിയുക തന്നെ ചെയ്യും എന്നതിൽ സംശയം വേണ്ട.

## കഥ പറയുമ്പോൾ

ലളിതമാകണം കഥകൾ - ആശയത്തിലും പ്രതിപാദനശൈലിയിലും. കേൾവിക്കാർ കുട്ടികളാണെങ്കിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ വേണം. ലളിതമായ ആഖ്യാനശൈലിയിൽ, ആകർഷകമായ

**ശാസ്ത്ര സാങ്കേതിക വിദ്യകൾ എത്ര വളർന്നാലും കഥകളുടെയും കഥ പറച്ചിലിന്റെയും പ്രസക്തി നഷ്ടമാവില്ല. ഈ ഭൂമിയിലെ അവസാന മനുഷ്യന്റെ ചിന്താശേഷിയും ഭാവനശേഷിയും നിലനിൽക്കുന്നതുവരെ ഈ മനോഹരകല തുടരുക തന്നെ ചെയ്യും.**



ശരീരഭാഷയിൽ അവതരിപ്പിക്കുമ്പോൾ കഥകൾ കേൾവിക്കാരുടെ മനസ്സിൽ പതിയും. കഥാപാത്രങ്ങൾ അവരുടെ കൺമുമ്പിലൂടെ കടന്നുപോകും. സാധാരണ സംസാരവേഗതയും അത് സ്വാംശീകരിക്കാനുള്ള തലച്ചോറിന്റെ ക്ഷമതയും ഏറെക്കുറെ ഒത്തുപോകുമെങ്കിലും കഥ പറയുമ്പോൾ നാം നൽകുന്ന നാടകീയമായ അർദ്ധവിരാമങ്ങളും, കഥാപാത്രങ്ങൾക്ക് നൽകുന്ന ഭാവശബ്ദവ്യതിയാനങ്ങളും, സംഭാഷണശൈലിയുമൊക്കെ കഥ പറച്ചിലിനെ ആകർഷകമാക്കും.

കഥയുടെ അവസാനഭാഗമോ, അവസാനവാക്യമോ ഒക്കെയാകാം കേൾവിക്കാരുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്. അതിനാൽ തന്നെ കഥയുടെ സന്ദേശം അവസാനഭാഗത്തു വ്യക്തമാകണം. കഥകൾ, വെറും കഥകളല്ലേ, ഒരു തുടക്കവും ഒരു മധ്യവും ഒരു അവസാനവും ഉണ്ടായാൽ കഥയാവില്ലേ എന്നു ചോദിക്കുമ്പോഴും കഥകൾ ഏറ്റവും യുക്തിഭദ്രമാകുന്നതുതന്നെയാണ് നല്ലത്. കേൾവിക്കാർ കുട്ടികളോ മുതിർന്നവരോ ആരു തന്നെ ആയാലും വിശ്വസനീയമാകട്ടെ നാം പറയുന്ന കഥകൾ. ഈ കഥയുടെ ഗുണപാഠമിതാണ് എന്ന് പറഞ്ഞു പഠിപ്പിക്കുന്നതിനേക്കാൾ, കഥയുടെ സ്വാഭാവികമായ അന്ത്യത്തിൽ ശ്രോതാക്കൾ തന്നെ ഗുണപാഠം മനസ്സിലാക്കിയെടുക്കട്ടെ.

ഒരുകഥയാരംഭിക്കുന്നതിനു മുൻപേ തന്നെ ആരാണ് കേൾവിക്കാരെന്നും അവർക്ക് നൽകേണ്ട സന്ദേശമെന്തെന്നും ചിന്തിക്കണം. അനാവശ്യമായ വിവരണങ്ങൾ ഒഴിവാക്കി, യഥാർത്ഥ സന്ദേകത്തിൽ കേൾവിക്കാരുടെ ശ്രദ്ധയെ പിടിച്ചു നിർത്തുന്നത് നിർണായകമാണ്. 'ചുരുക്കമായി, ഏറെ ഫലപ്രദമായി' എന്നതാവട്ടെ കഥ പറയുമ്പോൾ സ്വീകരിക്കേണ്ട നയം. കഥ പറച്ചിൽ ഒരു മുഷിപ്പൻ സംഭവമാക്കി, കേൾവിക്കാരെ, മടുപ്പിലേക്ക് കൊണ്ടുപോകുന്ന തെറ്റായ പ്രവണത ഒരിക്കലും ഉണ്ടാകരുത്. കഥ പറയാനും, കേൾക്കാനുമുള്ള ഒരു 'മൂഡ്' സ്രൃഷ്ടിച്ചെടുക്കുക തന്നെ വേണം.

## ഉറങ്ങും മുൻപേ കഥകൾ

കുട്ടികളെ കഥ പറഞ്ഞു ഉറക്കുക എന്നൊരു നല്ല പാരമ്പര്യം നമുക്കുണ്ടായിരുന്നു. കൂട്ടുകുടുംബവും, മുതിർന്ന തലമുറയുടെ ഇടപെടലുകളും കുറയുകയും മാതാപിതാക്കളുടെ ജോലിഭാരവും ജോലി സമയവുമൊക്കെ മാറിമറിയുകയും ചെയ്തപ്പോൾ, മുത്തശ്ശിക്കഥകളുടെയും ഉറക്കുകഥകളുടെയും നന്മയും നിഷ്കളങ്കതയുമൊക്കെ കുറേശ്ശേ അപ്രത്യക്ഷമായി. ഒരു നല്ല കഥ കേട്ട് കഴിയുമ്പോൾ ആകാംക്ഷകളും ഭയാശങ്കകളുമില്ലാതെ, സൽചിന്തകളിൽ നിറഞ്ഞു സ്വസ്ഥമായി കുട്ടികൾക്ക് ഉറങ്ങാൻ സാധിക്കുമായിരുന്നു. മാതാപിതാക്കൾക്ക് തിരക്കുമൂലം പകൽ സമയം കുട്ടികളോടൊപ്പം കൂട്ടുകൂടാൻ വേണ്ടത്ര സമയം ലഭിച്ചിട്ടില്ലായെങ്കിൽ, രാത്രി അവരെ ഒരു നല്ല കഥ പറഞ്ഞുറക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കഥകളും ഹൃദ്യമായ ജീവിതാനുഭവങ്ങളും, കൊച്ചു കൊച്ചു സംഭവങ്ങളുമൊക്കെ കുട്ടികളോടവതരിപ്പിക്കുമ്പോൾ മാതാപിതാക്കളും മക്കളും



തമ്മിലുള്ള ബന്ധത്തിനും ദൃഢതയേറും.

കർശനമായ ചിട്ടകളും താക്കീതുകളും പരാജയപ്പെടുമ്പോൾ, കുട്ടികളിൽ പെരുമാറ്റ മര്യാദകളും മൂല്യങ്ങളും വളർത്തിയെടുക്കുവാൻ, നല്ല കഥകളിലൂടെ അനായാസം സാധിക്കും. തെറ്റും ശരിയും തിരിച്ചറിയാനുള്ള വിവേകമില്ലാതെ പോകുന്നതാണല്ലോ ഇന്നത്തെ തലമുറയുടെ പിഴവ്. ചെറിയ പ്രായം മുതൽ വിവേകത്തിന്റെയും വിജ്ഞാനത്തിന്റെയും കഥകൾ പരിചയപ്പെടുത്തിയാൽ ഈ കുഴപ്പം ഒരു പരിധി വരെ പരിഹരിക്കാനാവില്ലേ? ഉറങ്ങാൻ പോകുന്ന സമയം മാത്രമല്ല, പറയുന്നയാൾക്കും കേൾക്കുന്നയാൾക്കും സൗകര്യപ്രദമായ ഏതു സമയവും കഥ പറയാൻ പറ്റിയ സമയം തന്നെയാണ്.

നൂതന സാങ്കേതിക വിദ്യകളുടെയും ദ്ര്യശ്യശ്രാവ്യ മാധ്യമങ്ങളുടെയും അതിപ്രസരത്തിന്റെ ഇക്കാലത്ത് കഥകൾ കേൾക്കാനും, പരിചയപ്പെടാനും ഉപകരണങ്ങൾ ഉണ്ടല്ലോ എന്ന വാദം ശരിയല്ല. ലാപ്ടോപ്പിലോ, ടാബ്ലെറ്റിലോ, ടി.വിയിലോ കഥകൾ കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ അതൊരു ഏകപക്ഷീയമായ പ്രകടനമായി മാറുന്നു. ഹൃദയത്തെ തൊടാതെ, യാന്ത്രികമായി സാങ്കേതികയുടെ സഹായത്തോടെ കഥകൾ കേൾക്കുന്നതും, അടുത്തിരുന്ന് മനസിനെ തൊട്ടറിഞ്ഞു ഹൃദയസ്പർശിയായി ഒരാൾ കഥ പറഞ്ഞു തരുന്നതും തമ്മിൽ വിദൂര താരതമ്യത്തിനുപോലും അർഹതയില്ല. സാങ്കേതിക വിദ്യകൾ കുട്ടികളുടെ മാനസിക വളർച്ചക്കു തടയിടുമ്പോൾ, ഹൃദയത്തെ തൊടുന്ന കഥകൾ അവരുടെ ചിന്താശേഷിയെ വികസിപ്പിച്ചു ഭാവനയുടെ ചക്രവാളം വിശാലമാക്കുന്നു.

ശാസ്ത്ര സാങ്കേതിക വിദ്യകൾ എത്ര വളർന്നാലും കഥകളുടെയും കഥ പറച്ചിലിന്റെയും പ്രസക്തി നഷ്ടമാവില്ല. ഈ ഭൂമിയിലെ അവസാന മനുഷ്യന്റെ ചിന്താശേഷിയും ഭാവനശേഷിയും നിലനിൽക്കുന്നതുവരെ ഈ മനോഹരകല തുടരുക തന്നെ ചെയ്യും.

കഥകൾ ഏതുമായിക്കൊള്ളട്ടെ - ബൈബിളിൽ നിന്നോ പുരാണങ്ങളിൽ നിന്നോ, സാഹിത്യത്തിൽ നിന്നോ ആവട്ടെ, തിന്മയുടെ മേൽ ആത്യന്തികവിജയം നേടുന്ന നന്മയെ അവതരിപ്പിച്ചു ചെറുപ്പം മുതൽക്കു തന്നെ കുട്ടികളിൽ നന്മയുടെയും വിവേകത്തിന്റെയും മറ്റു വിശിഷ്ടമൂല്യങ്ങളുടെയും ഭാവങ്ങൾ ഉറപ്പിച്ചെടുക്കാൻ സാധിച്ചാൽ അതിൽപരം എന്തു നന്മയാണ് വളരുന്ന തലമുറയ്ക്കായി നമുക്കു ചെയ്യുവാനുള്ളത്?

# BUILDING FAITH, VALUES AND FAMILIES: CHALLENGES TODAY

Pope Francis said, *"When families bring children into the world, train them in faith and sound values, and teach them to contribute to society, they become a blessing in our world."*



As a millennial mother, it's a challenge to emulate my mother who fits the design laid out by Pope Francis in bringing up her children. My mother knew nothing of social media, her challenge was ensuring fees were paid on time, food was on the table, we had clothes for Christmas, in addition to her housewife job description. Oh, and ensuring we went for Holy Qurbana and prayed the family Rosary daily.

I, on the other hand, am a mother intertwined and often knotted like earphones with two generations, my mother and my children.

Challenge #1 : The Internet

I use the social media like WhatsApp, with a mild affinity to FB and an absolute distaste for Snapchat and TikTok. The *wife* and *wi-fi* are powerful home influencers, maybe the latter more than the former. But faith in God the Father, Son and Holy Spirit is sown in families through the intercession of Mother Mary and participating in the Holy Qurbana daily. This is the root of our Christian lives.

Challenge #2 : Practicing Values

Values are imbibed only if transparent practice is inculcated in action. The lyrics by the band Boyzone, '*Words are all I have to take your heart away*' do not suffice with the present breed. I have to read and understand the Church teachings before validation with my family. More importantly, I have to be convinced for conviction in the family. It means putting an effort to know the depth of my faith, spending time understanding the Church's teachings and following the Word of God as much as I follow others on social media. Putting into practice is the Challenge. Once faith walks in, values follow.

I have to read and understand the Church teachings before validation with my family. More importantly, I have to be convinced for conviction in the family.



Challenge #3 : Opposing views of the Secular World and Church

There is no search for the Truth anymore. There is only a lazy Google search. Google does not bear an “imprimatur” on Church teachings. The secular world is broadcasting its ideas and views on an amplifier accompanied by *Nashik dhol*. It's done so creatively, with emotionally satiating words and advertisements. They tell us: abortion is



okay, it's your choice, your body; masturbation is a de-stressor; condoms and contraceptives are necessities; if you don't have a girlfriend then you're gay; you can't be 18 and still be a virgin; holiness is an unachievable ideal; dress the way you like; all religions are one so all gods are one; marriage is a right for people of all orientation; the Church is too harsh. We're fed these lies everyday and in the cacophony it's difficult to hear the Church. The feeble voice of the Church needs to be amplified in our households. We need to ask God to give us the grace to see sin through His eyes and acknowledge it as evil; and when we sin, to be able to repent and go for confession.

Challenge #4: Theo Drama vs Ego Drama

Theo Drama is where God scripts, directs and I have a role in it and in Ego Drama its my script where I write and and I am the Superstar. The greatest love story on Earth reaches its summit at the Cross, the final act of self-emptying till the last blood. In contrast is the secular world themes of “My body my choice” “My hair my oil” everything is about this “My” “Mera”. They reek of only “selfishness” but these are glorified today.

The Scripture commands - Love the Lord your God with all your heart, soul and mind is in contrast to the world's commands - Love thee and place thee first before all. But the latter part is echoed on a megablast speaker.

In the words of Archbishop Fulton Sheen, “Modern Man has so long preached a doctrine of false tolerance, he has so long believed that right and wrong were only differences in a point of view, that now when evil works itself out in practice, he is paralysed to do anything against it.”

May we, protected by the belt of truth, the breastplate of righteousness and the helmet of salvation; armed with sword of the Spirit and the shield of faith, be emboldened to quench all these flaming arrows of the evil one and traverse on with our families towards Heaven.

Rose Joseph

# വിശ്വാസവും മൂല്യബോധവുമുള്ള കുടുംബത്തെ എങ്ങനെ പടുത്തുയർത്താം



Roseline Jose
is a retired school teacher and a parishioner of
St. Kuriakose Elias Chavara Church, Kandivli East.



‘വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും, കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ്’ (ഹെബ്രായർ 11 : 1). വിശ്വാസം മൂലം പൂർവ്വപിതാവായ അബ്രാഹം, ദൈവത്തിന്റെ വിളിയും പദ്ധതിയുമനുസരിച്ച് വാഗ്ദത്തഭൂമിയിലേയ്ക്ക് യാത്ര തിരിച്ചു. നമ്മുടെ പിതാവായ വി. തോമാശ്ശ്ലീഹാ, രാജ്യങ്ങൾ താണ്ടി കാടും മേടും കടന്ന് ഭാരത മണ്ണിൽ വന്ന് നമുക്ക് പകർന്നു തന്ന വിശ്വാസദീപം, അണയാതെ ഉജ്ജ്വലമായി പ്രശോഭിക്കണമെങ്കിൽ, നമ്മുടെ പൂർവ്വികർക്കുണ്ടായിരുന്ന അചഞ്ചലമായ ദൈവവിശ്വാസവും, മൂല്യാധിഷ്ഠിതമായ ജീവിതചര്യകളും നാം സ്വായത്തമാക്കുകയും, തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും അത്യന്താപേക്ഷിതമാണ്.

**കുടുംബം**

നമ്മുടെ വിശ്വാസജീവിതം ആരംഭിക്കുന്നത് കുടുംബത്തിലാണ്.

"തൊട്ടിലാട്ടുന്ന കരങ്ങളല്ലൊ
വിഷ്ടപത്തെ ഭരിപ്പതും".

ഭാവിയുടെ വാഗ്ദാനങ്ങളായ നമ്മുടെ മക്കളിൽ ദൈവവിശ്വാസവും, ക്രിസ്തീയ മൂല്യങ്ങളും വളർത്തി, അവരെ നന്മയിലൂടെ നയിക്കുവാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. ക്രൈസ്തവകുടുംബങ്ങൾ വിശ്വാസത്തിന്റെ വിളനിലങ്ങളും പ്രഘോഷണവേദികളുമായി തീരണം. **മാമോദീസയിലൂടെ ദൈവമക്കളായി തീർന്ന ഓരോ കുഞ്ഞിന്റേയും വിശ്വാസം എന്ന സ്വർഗ്ഗീയ സമ്പത്ത് വളർത്തുവാനും, പരിപോഷിപ്പിക്കുവാനും, കടമയുള്ള മാതാപിതാക്കൾ തീർച്ചയായും ഉത്തമ ദൈവവിശ്വാസികളായിരിക്കണം.**




**വിശ്വാസപരിശീലനം**

കത്തോലിക്കാ സഭയുടെ പ്രബോധനമനുസരിച്ച്, വിശ്വാസപരിശീലനത്തിൽ കുടുംബത്തിന് സുപ്രധാന പങ്കുണ്ട്. കുടുംബത്തെ – "'ഗാർഹിക സഭ' ആയിട്ടാണ് അവതരിപ്പിക്കുന്നത്. 'വിശ്വാസ പ്രമാണത്തിൽ നാം ഏറ്റു പറയുന്ന വിശ്വാസം ഹൃദയത്തിൽ ആഴമായി പതിപ്പിച്ചുകൊണ്ട്, മാതാപിതാക്കൾ മക്കൾക്ക് കുഞ്ഞുനാളിൽ തന്നെ വിശ്വാസപരിശീലനം നല്കുന്നവരാകണം.

കുഞ്ഞ് ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പും, അതിനുശേഷവും ഭാര്യാഭർത്താക്കന്മാർ, വിശ്വാസപൂർവ്വം പ്രാർത്ഥിച്ച് ഒരുങ്ങേണ്ടത് ആവശ്യമാണ്. കാരണം, ഗർഭാവസ്ഥയിലുള്ള കുഞ്ഞിനെ അമ്മയുടെ ചിന്താധാരകൾ സ്വാധീനിക്കുന്നുവെന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നു. ദൈവം തരുന്ന മക്കളെ സ്വീകരിച്ച്, ദൈവത്തിന്റെ പദ്ധതിപ്രകാരം വിശ്വാസത്തിലും, ക്രിസ്തീയമൂല്യങ്ങളിലും വളർത്തുക എന്ന പ്രേഷിത ദൗത്യം മാതാപിതാക്കളിൽ നിക്ഷിപ്തമാണ്.

ഒരു കുഞ്ഞിന്റെ ആദ്യം വിദ്യാലയം കുടുംബവും, പ്രഥമഗുരു അമ്മയുമാണ്. പിഞ്ചു കുഞ്ഞിനെ മടിയിലിരുത്തി കുരിശുവരയ്ക്കാൻ പഠിപ്പിക്കുകയും, ഈശോയ്ക്ക് സ്തുതി ചൊല്ലി ഉമ്മ കൊടുക്കുകയും ഒക്കെ ചെയ്യുമ്പോൾ ആ ഇളം മനസ്സിൽ ദൈവവിശ്വാസത്തിന്റെ വിത്തുകൾ പാകുന്നു. ബൈബിളിലെ കൊച്ചു കഥകൾ കേട്ട് അവർ വളരട്ടെ.

'കുഞ്ഞു മനസ്സിൽ നൊമ്പരങ്ങൾ ഒപ്പിയെടുക്കാൻ വന്നവനാം' – ഈശോയെ..... എന്നിങ്ങനെയുള്ള ഗാനങ്ങൾ താരാട്ടായി കേൾക്കുമ്പോൾ ഈശോ അവരുടെ 'ഹീറോ' അല്ലെങ്കിൽ 'കൂട്ടുകാരൻ' ഒക്കെയാണെന്ന അനുഭൂതി കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നു. മാതാപിതാക്കൾ കാണിച്ചു കൊടുക്കുന്ന വിശ്വാസത്തിന്റെ പടികൾ ഓരോന്നും പിന്നിട്ടാണ് മക്കൾ വിശ്വാസ ഗോപുരത്തിൽ എത്തുന്നത്.

**പ്രാർത്ഥന**

എല്ലാ മൂല്യങ്ങൾക്കും അടിത്തറയായി നില്ക്കുന്നത് – പ്രാർത്ഥനയാണ്. കുടുംബപ്രാർത്ഥന, കുടുംബാംഗങ്ങളുടെ ആത്മീയവളർച്ചയും, പരസ്പരസ്നേഹവും, കൂട്ടായ്മയും വർദ്ധിപ്പിക്കുന്നു. ജപമാലയ്ക്കും ബൈബിൾ വായനയ്ക്കും കുടുംബാംഗങ്ങൾ ഓരോ ദിവസവും മാറി മാറി മുൻകൈ എടുക്കണം.

**വി. കുർബ്ബാന**

കുഞ്ഞുനാളിൽ തന്നെ മക്കളെ മാതാപിതാക്കളോടൊപ്പം ദേവാലയത്തിൽ കൊണ്ടു പോകണം. കുടുംബാംഗങ്ങൾ എല്ലാവരും പ്രത്യേകിച്ചും, മക്കൾ വി. കുർബ്ബാനയിൽ ഭക്ത്യാദരവോടെ, സജീവമായി പങ്കെടുക്കുന്നുവെന്നും, ഇടയ്ക്കിടയ്ക്ക് കുമ്പസാരിച്ച് ഒരുക്കത്തോടെ വി. കുർബ്ബാന സ്വീകരിക്കുന്നുണ്ട് എന്നും മാതാപിതാക്കൾ ഉറപ്പു വരുത്തണം. അതുപോലെ തന്നെ മതബോധനത്തിനും (Catechism) പ്രാധാന്യം നല്കണം.

**മാതാപിതാക്കളുടെ വിശുദ്ധി – മക്കൾക്ക് മാതൃക**

വി. ജോൺ മരിയവിയാനി പറഞ്ഞതുപോലെ, "മക്കൾ വിശുദ്ധരായി വളരണമെങ്കിൽ, മാതാപിതാക്കളും, വിശുദ്ധജീവിതം നയിക്കുന്നവരാകണം". അതിന്റെ ഉദാത്തമായ ഉദാഹരണമാണ് പരിശുദ്ധ മറിയത്തിന്റെ മാതാപിതാക്കളായ വി. അന്ന, വി. ജോവാക്കി ദമ്പതികൾ, വി. കൊച്ചുത്രേസ്യയെ ദൈവോന്മുഖയായി വളരാൻ പ്രാപ്തയാക്കിയത് മാതാപിതാക്കളും, സഹോദരിമാരും പകർന്നു നല്കിയ വിശ്വാസം നിറഞ്ഞ കുടുംബാന്തരീക്ഷമാണ്.

**മൂല്യാധിഷ്ഠിതമായ ജീവിതരീതി**

നമ്മുടെ കുടുംബങ്ങൾ തിരുകുടുംബമാതൃകയിലാവണം. ഏതു പ്രതിസന്ധിയിലും വിശ്വാസത്തിൽ ആശ്രയിക്കുന്നവരും, ദൈവത്തിന്റെ തീരുമാനങ്ങൾ ദു:ഖദായകമാണെങ്കിലും സന്തോഷത്തോടെ സ്വീകരിക്കുന്നവരും ആകണം. സ്നേഹത്തിന്റേയും, ത്യാഗത്തിന്റേയും, പങ്കുവയ്ക്കലിന്റെയും ലാളിത്യത്തിന്റേയും സുഖവും സന്തോഷവും സമാധാനവുമനുഭവിച്ച് മക്കൾ വളരണം പ്രോത്സാഹനവും സ്വാന്തനവും അനുഭവവേദ്യമാകണം.

അഗതികളോടും ദരിദ്രരോടുള്ള നമ്മുടെ സ്നേഹവും അനുകമ്പയും കുടുംബങ്ങളെ ധന്യമാക്കുന്നു. മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങൾക്കുവേണ്ടി ചിലവാക്കുന്ന തുകയിൽ നിന്നും കുറച്ച് മാറ്റിവച്ച് ഒരു പാവപ്പെട്ട കുട്ടിയുടെ വിദ്യാഭ്യാസത്തിനോ, വസ്ത്രത്തിനോ വേണ്ടി നല്കാവുന്നതാണ്. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്. (മത്തായി 25:40). ഈ തിരുവചനങ്ങൾ മാതാപിതാക്കളുടെ നല്ല പ്രവൃത്തികളിലൂടെ മക്കൾ കണ്ടു പഠിക്കുന്നു. “ചൊട്ടയിലെ ശീലം ചുടല വരെ” എന്നാണല്ലൊ. കുടുംബത്തിൽ നിന്നും ലഭിക്കുന്ന ഈ പാഠം മക്കൾ അനുവർത്തിച്ചു കൊണ്ട് യേശുവിന് സാക്ഷ്യം വഹിക്കുന്നവരാകും.

സത്യം, നീതി, ധർമ്മം, സ്നേഹം, ക്ഷമ, നിഷ്കളങ്കത, ചാരിത്രശുദ്ധി എന്നീ സത്ഗുണങ്ങൾ ഏവർക്കും ഉണ്ടാകണമെങ്കിൽ കുടുംബം – ‘സ്വഭാവരൂപീകരണത്തിന്റെ കളരി’ ആകണം. പരസ്പരം സ്നേഹിക്കുകയും, ബഹുമാനിക്കുകയും, മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ മക്കൾ അനുസരണമുള്ളവരും നന്മയുള്ളവരുമായിരിക്കും. ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക. വാർദ്ധക്യത്തിലും അതിൽ നിന്നും വ്യതിചരിക്കുകയില്ല. (സുഭാഷിതം 22:6)

**കുടുംബങ്ങൾ ഇന്ന് നേരിടുന്ന വെല്ലുവിളികൾ**

ആത്മീയതയിൽ വേരൂന്നിയ നല്ല കുടുംബങ്ങൾ സമൂഹത്തിൽ പ്രകാശം പരത്തുന്നുണ്ടെങ്കിലും, മറുവശത്ത് അസ്വസ്ഥതയും, ഭയവും ജനിപ്പിക്കുന്ന കാഴ്ചകളും നാം അനുദിനം കാണുന്നു. കുടുംബങ്ങളുടെ കെട്ടുറപ്പിന് വൻ ഭീഷണിയാകുന്ന പ്രവണതകളാണ് നമ്മൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ

1. **മതബോധനത്തോടുള്ള ലാഘവത്വം**

മക്കളെ മതബോധനത്തിന് ഇടവക ദേവാലയത്തിലേയ്ക്ക് പറഞ്ഞുവിടുന്നുണ്ടെങ്കിലും, വിദ്യാഭ്യാസ വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മുൻഗണന കുറഞ്ഞുപോകുന്നു. മക്കളുടെ ആത്മീയ വളർച്ചയേക്കാൾ – ശാരീരികവും ബൗദ്ധികവുമായ വളർച്ചയ്ക്കുവേണ്ടിയാണ് മാതാപിതാക്കളിൽ പലരും അവരുടെ സമയവും സമ്പത്തും കഴിവുകളും ഉപയോഗിക്കുന്നത്.

2. **ഭക്തിയും വിശ്വാസവും കുറഞ്ഞുവരുന്നു.**

ആത്മീയ മൂല്യങ്ങൾ പകരുന്നതിൽ കുടുംബം ചിലപ്പോഴൊക്കെ പരാജയപ്പെടുന്നു. യുവജനങ്ങൾ, ഉപരി പഠനത്തിനൊ, ജോലിയ്ക്കൊ ആയി വീട്ടിൽ നിന്നും അകന്ന് വിദേശത്തോ അല്ലെങ്കിൽ മറ്റൊരു പട്ടണത്തിലൊ താമസിക്കുമ്പോൾ, അവർക്ക്, വി. കുർബ്ബാന, കുമ്പസാരം, പ്രാർത്ഥനകൾ ..... ഒക്കെ വെറും ഒരു ചടങ്ങുമാത്രമായി ഒതുങ്ങുന്നു. ക്രമേണ, അവരുടെ വിശ്വാസം ക്ഷയിക്കാനും തുടങ്ങുന്നു.

3. **കുടുംബപ്രാർത്ഥനയുടെ പ്രാധാന്യം കുറയുന്നു:**

പരമ്പരാഗതമായി, കുടുംബത്തിലെ ആത്മീയ



വളർച്ച ഉറപ്പുവരുത്തിയിരുന്ന കുടുംബപ്രാർത്ഥന, നിസ്സാര കാരണങ്ങൾക്കുവേണ്ടി ഒഴിവാക്കുന്നു. മാതാപിതാക്കളുടെ ജോലിതിരക്ക്, കുട്ടികളുടെ ട്യൂഷൻ, ഇന്റർനെറ്റ്, ടി.വി. ഫോൺ ഇവയുടെ അമിതമായ ഉപയോഗം ഇവയൊക്കെ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാനുള്ള താത്പര്യവും അവസരങ്ങളും കുറയ്ക്കുന്നു.

4. **ആർഭാടം നിറഞ്ഞ ജീവിതം**

പണം ലോകത്തിന്റെ അച്ചുതണ്ടായി മാറിയിരിക്കുന്ന ഈ കാലത്ത്, കടം വാങ്ങിയും പലരും ആഘോഷങ്ങൾ ആഡംബരവും ധൂർത്തും ആക്കുന്നു. വിലകൂടിയ മൊബൈൽ ഫോൺ, ഫാഷൻ വേഷവിധാനങ്ങൾ, നാനാതരത്തിലുള്ള ഭക്ഷണം എന്നിങ്ങനെ സുഖലോലുപതയിലാണ് പലർക്കും താത്പര്യം ആത്മീയ നേട്ടങ്ങളേക്കാൾ ഭൗതികനേട്ടങ്ങൾക്കുവേണ്ടി പായുന്നു.

**5. മിശ്രവിവാഹം (ക്രൈസ്തവരും അക്രൈസ്തവരും തമ്മിൽ)**

യുവമനസ്സുകളിൽ പ്രണയം മുളയ്ക്കുമ്പോൾ, വിശ്വാസസത്യങ്ങൾക്ക് പ്രാധാന്യം ഇല്ലാതാകുന്നു. ക്രൈസ്തവവിവാഹം പരിപാവനമായ കൂദാശ യാണ് എന്ന സത്യം മനസ്സിലാക്കാതെ, പ്രേമത്തിന് മുൻതൂക്കം നല്കികൊണ്ട്, വിശ്വാസം ഉപേക്ഷിച്ച് മറ്റു വിശ്വാസത്തിലേയ്ക്ക് പോയാലും, മാതാ പിതാക്കൾക്ക് ഇന്ന്, മൗനാനുവാദം നല്കാനെ കഴിയുന്നുള്ളൂ.

**6. അപക്വവും അപകടകരവുമായ ബന്ധങ്ങൾ**

അപക്വമായി, പ്രേമബന്ധങ്ങളിൽ കുടുങ്ങി, ജീവിതത്തിൽ വിലപ്പെട്ടതെല്ലാം നഷ്ടപ്പെടു ത്തുന്നവരുംഉണ്ട്.

**7. തെറ്റായ തീരുമാനങ്ങൾ**

വിവാഹം വേണ്ട എന്ന് തീരുമാനിക്കുന്ന യുവജന ങ്ങളും, വിവാഹിതരായാൽ തന്നെയും, കുട്ടികൾ ഉടനെ വേണ്ട അല്ലെങ്കിൽ ഒരു കുട്ടി മതി എന്നു തീരുമാനിക്കുന്നവരും, കുടുംബജീവിതത്തേക്കാൾ പ്രധാന്യം ജോലിയ്ക്ക് (കരിയർ) കൊടുക്കു ന്നവരും വിരളമല്ല.



**8. കലഹങ്ങളും വിവാഹമോചനങ്ങളും**

സ്നേഹത്തിൽ ഒന്നായി, ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ട കുടുംബാംഗങ്ങൾ പരസ്പരം കലഹിക്കുന്നു. ദമ്പതിമാരുടെ ചെറിയ വഴക്കുകൾ പോലും ചിലപ്പോൾ വിവാഹമോചനത്തിൽ കലാശിക്കുന്നു.

**9. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗവും കുടുംബത്തെ തകർക്കുന്നു.**

**പരിഹാരമാർഗ്ഗങ്ങൾ**

കുടുംബത്തിന്റെ നിലനില്പിനും വൻ ഭീഷണി ഉയർത്തുന്ന ഈ പ്രശ്നങ്ങളുടെ പരിഹാരം പ്രധാനമായും മാതാപിതാക്കളുടെ കൈകളിലാണ്. കുടുംബത്തിൽ നല്കുന്ന വിശ്വാസപരിശീലന ത്തോടൊപ്പം, മതബോധനത്തിന്റെ (Catechism) 12 വർഷങ്ങൾ ചിട്ടയായി, ശ്രദ്ധയോടെ പഠിച്ചാൽ ഒരു പരിധി വരെ തെറ്റിൽ വീഴാതെ മുന്നേറാം. തെറ്റുകളിൽ വീണാൽ, ധൂർത്തപുത്രനെപോലെ തന്നെ തിരുത്തും.

മാതാപിതാക്കൾ, മക്കളെ ശാസിക്കുന്നവരും, ഉപദേശിക്കുന്നവരും മാത്രമാകാതെ ഏറ്റവും നല്ല സുഹൃത്തുക്കൾ ആകാനും ശ്രമിക്കണം. മക്കളോടുള്ള സ്നേഹം, അനുദിനജീവിതത്തിലെ വാക്കുകളിലും പ്രവൃത്തികളിലും നിന്ന് അവർക്ക് അനുഭവവേദ്യമാകണം. പ്രോത്സാഹനത്തിന്റെ ഒരു തലോടൽ, എല്ലാം ശരിയാകുമെന്നുള്ള ഒരു പുഞ്ചിരി ഇങ്ങനെയുള്ള ഒരു സ്നേഹത്തിന്റെ തണൽ ഉണ്ടെങ്കിൽ മക്കളെ, തെറ്റുകളിൽ നിന്നും പറഞ്ഞു തിരുത്തുവാൻ മാതാപിതാക്കൾക്ക് സാധിക്കും.

വഴിതെറ്റിയ മക്കളെ, നിരന്തരമായ പ്രാർത്ഥന കൊണ്ട് വിശ്വാസത്തിന്റേയും സന്മാർഗ്ഗത്തിന്റേയും പാതയിലൂടെ നടത്താൻ സാധിക്കുമെന്ന് വി. മോനിക്ക നമുക്ക് കാണിച്ചുതരുന്നു. ഈ വിശുദ്ധയുടെ വിശ്വാസപൂർവ്വകമായ പ്രാർത്ഥനയുടെ ഫലമായാണ് മകൻ മാനസാന്തരപ്പെട്ട് വി. അഗസ്റ്റിൻ ആയി തീർന്നത്. മക്കളുടെ ദൈവവിളി അല്ലെങ്കിൽ കുടുംബജീവിതത്തിനുള്ള വിളിയ്ക്ക് തിരിച്ചറിഞ്ഞ് അതിന് അനുസ്യൂതമായി അവരെ മാതാപിതാക്കൾ ഒരുക്കണം.

പോൾ ആറാമൻ മാർപ്പാപ്പ പറഞ്ഞതു പോലെ, **"മുൻ തലമുറയുടെ കയ്യിൽ നിന്നും വിശ്വാസത്തിന്റെ ദീപശിഖ ഏറ്റുവാങ്ങികൊണ്ട് നാളത്തെ സമൂഹത്തെ രൂപപ്പെടുത്തേണ്ടവരാണ് നമ്മൾ"**. അതിന്, നമ്മുടെ കുടുംബം ക്രിസ്തുവിൽ വിശ്വസിക്കുന്നവരും, പ്രഘോഷിക്കുന്നവരും, ജീവിതസാക്ഷ്യം നല്കുന്നവരും ആകണം. സാമൂഹിക ഘടനയുടെ അമൂല്യഘടകമായ കുടുംബത്തെ വിശുദ്ധീകരിച്ച് സമൂഹത്തിന് നന്മ പ്രദാനം ചെയ്യാം. "കർത്താവായ യേശുവിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." (അപ്പ. 16:31). നിത്യരക്ഷ പ്രാപിക്കാൻ സഹായിക്കുന്നു. വിശ്വാസതീക്ഷ്ണതയുള്ള നല്ല കുടുംബത്തെ പടുത്തുയർത്താൻ നമുക്കോരോരു ത്തർക്കും സാധിക്കട്ടെ.

# Building Sustainable Catholic Families

An Interview

Fr. Siju Kizhakepallivathukal
was interviewed by Team Kalyan Lantern

Fr. Siju (Jacob) Kizhakepallivathukal is a priest with the Diocese of Kalyan and the Vicar of two of its churches. He did his Licentiate from Pontifical University Urbanania, Rome in Pastoral Theology of Human Mobility. He is also the Chaplain and Director of Jesus Youth, Mumbai.



1. According to you, what is the role of families in nurturing faith?

   A family places the foundation to the beliefs of every individual. Pope Francis states that *Christian families are missionary families*. They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Families play an important role not only in building up this faith, but also in providing comfort, healing, forgiveness and reconciliation in times of struggle, particularly in our fast-moving world.

2. How can the Church today play a better role in building faithful families?

   True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. The Church's role is to bring about this feeling of deep joy within families and this joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. The family is where we daily experience our own limits and those of others, the problems great and small entailed in living peacefully with others. The Church by actually understanding the family and family dynamics instead of

taking an out-dated view, by being more open and candid about the successes and challenges should provide more thoughtful counselling, more reflections on the holy family, who was fraught with controversy



and challenges. Thus by helping families, the Church could create an open dialogue where faith is experienced together and not enforced.

3. How would you define sustainable families in the contemporary Catholic context?

When we speak of sustainability, we cannot overlook how important it is to include and to listen to all voices within the family. The family can be "the model of a sustainable management of goods and the resources of creation" against today's culture of consumerism, says Pope Francis. Every family should commit itself to promoting and implementing the development goals that are supported by our deepest religious and ethical values. The "Good News" of the family is a very important part of evangelization, which families can communicate to all, by the witness of their lives. They are already doing so; this is evident in our societies. Truly Christian families are known by their fidelity, their patience, their openness to life, and their respect for the elderly . . . the secret to this is the presence of Jesus in the family. And in order to do this we need to approach, with care and affection, those families who are struggling, broken, homeless or unemployed, or suffering for any reason. A sustainable family will be the one which remains closely knit through the experience of the Gospel within the individual family as well as the global family at large.

4. What are modern day challenges in forming sustainable Catholic families?

The primary challenge is to see how families can actualize sustainability. With individualistic cultures that permeates within the society where relationships hardly matter, the challenge is to see a family as a motivating factor for sustainability within the family. The second challenge is to revitalize families with the vigour and the dynamism that is based on the experience of Christ of every individual. The challenge to the parents is to share and discuss in families their own faith journeys and give their kids space to grapple with tough faith questions thus helping them to



find resources that can provide answers. They need to create a link with their children thus making them caring adults by



involving their kids in service. Kids must see that faith inspires action. The modern day challenge is to realize all that is said above irrespective of the world preaching all that is contrary to the spiritual reality. The challenge is not to be fearful of imperfections, weakness, or even conflict, but rather learn how to deal with them constructively.

5. What are ways in which we all can work better towards building these families?

First and foremost every family must treasure coming together as one family in prayer before the Lord. We need simplicity to pray as a family: simplicity is necessary! Praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents, praying for oneself and so on.

Secondly, the Faith that we profess needs to be lived. How do we keep our faith as a family? Do we keep it for ourselves, in our families, as a personal treasure like a bank account, or are we able to share it by our witness, by our acceptance of others, by our openness? Being missionary families means living the faith and inspiring others to live the faith.

Thirdly, the family should experience Joy together. Joy comes from a harmony between persons. But we also know that God alone knows how to create harmony from differences. Hence the family which experiences the joy of faith is said to have the experience of the divine without which they cannot communicate that joy naturally.

Finally, every family needs to be a school of Forgiveness. The family, where we keep loving one another despite our limits and sins, thus becomes a school of forgiveness. Forgiveness is itself a process of communication. A child who has learned in the family to listen to others, to speak respectfully, and to express his or her view without negating that of others, will be a force for dialogue and reconciliation in society.

TESTIMONIALS



# NAVIGATING LIFE'S CHALLENGES THROUGH FAITH

When I planned for a second child, I could not have imagined what my future would be. Sixteen years before, I gave birth to a wonderful baby boy, Johan, my special gift from God. When he was born I knew nothing about parenting a child with special needs but today I have learnt a lot along the way. I had a very easy pregnancy and a normal delivery, so this came to us as a complete surprise. His birth and a host of developmental and medical issues moved us into a world we knew nothing about and never really wanted to be a part of. The thought that how could this happen to me, I, who was so God fearing was the constant question in my mind. Is it a punishment from God or was it for His greater glory? The fear of how I would raise him up, how would I face the society around me disturbed me a lot.

It was the assurance from a priest that God has given Johan as a prized treasure to us to take care of as we are special and capable changed my outlook towards the entire situation. I no longer wanted to hide him from the glaring eyes of the world. I took him around with me to the church, to public places and everywhere. I was not uncomfortable carrying him around and treated him like a normal child.



With God's love, encouragement, support and prayers from my family and friends, I was determined to keep going even though things were tough. My family was very supportive and fortunately my husband was with us at every step of the way. Today, Johan has grown up to be a young boy. From a child who couldn't sit on his own for the first 18 months of his life, to today when I see him serving the Lord on the altar with his own limitations, I thank and praise the Lord.

I consider myself as one of the luckiest persons on earth whom God has chosen to fulfill his mission and am grateful to God for giving me such a wonderful child. I thank the Almighty who has always been guiding me and my family through this beautiful journey.

**Shali Joffy**
is a parishioner at Christ the King Church, Bhandup

# My Experience with Story-telling



"There are only two lasting bequests we can hope to give our children. One of these is roots, the other, wings" - Holding Carter

My experience with story-telling as a parenting tool started way back in the days when I was a kid. Every evening, after dinner, my dad would take me on a walk and share stories about great men and women across geographies, ages and cultures. These stories inspire me till date to push myself a little further each time I am tempted to give up.

It was therefore imperative for me to hand over this tradition to my children as well. I too picked up stories from across geographies and cultures. I also adapted these stories to suit my children, current circumstances and our family values.

